ഉത്തരം

(എ&ബി) ആകെ അയച്ച അപേക്ഷകൾ - 197, പൂർത്തിയായ വീടുകൾ - 16, ഭാഗികമായി പൂർത്തിയായവ - 151 തുടങ്ങാൻ ബാക്കിയുള്ളവ - ഇല്ല.

വീടില്ലാത്ത പട്ടികജാതി ജനവിഭാഗത്തിന് ഭൂമി വാങ്ങുന്നതിന് സാമ്പത്തിക സഹായം

20 (245) ശ്രീ. ടി. കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത പട്ടികജാതി ജനവിഭാഗത്തിന് ഭൂമി വാങ്ങുന്നതിന് സാമ്പത്തിക സഹായം നല്കുന്ന പദ്ധതി സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിയുടെ ആനുകൂല്യം ഈ വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്ക് ലഭ്യമാക്കി എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് 15,000 രൂപ മുതൽ 20,000 രൂപ വരെ ധനസഹായം ഒരു ഗുണഭോക്താവിന് അനുവദിക്കുന്ന പദ്ധതിയാണ് നിലവിലുള്ളത്. ടി പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ നിന്നും ആവശ്യമായ പ്രോജക്ടുകൾ വാങ്ങി പത്തിരി കൂടുതൽ വരുന്ന ഗുണഭോക്താക്കൾ ഉള്ള പഞ്ചായത്തുകൾക്ക് 50% ധനസഹായം പട്ടികജാതിവികസന വകുപ്പിൽ നിന്നും അനുവദിച്ചു നല്കുന്നുണ്ട്.

(സി) ഇതുവരെ ഈ പദ്ധതിയുടെ ആനുകൂല്യം 1183 കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം

21 (246) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിന്റെ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ ഇതിനുള്ള തടസ്സങ്ങൾ എന്താണ് ;

(സി) എന്നത്തേക്ക് പണി പൂർത്തിയാക്കുമെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly